# അക്കാദമിക മാസ്റ്റർ പ്ലാൻ

# തികവ്

## മേപ്പയ്യൂർ എൽ പി സ്കൂൾ

## 2025 – 2026




MEPPAYUR L.P. SCHOOL
PIN 673524
Date
P.O. MEPPAYUR

Geetha
GEETHA. P.K
HEADMISTRESS
MEPPAYUR L P SCHOOL
MEPPAYUR (PO) 673524

ഉള്ളടക്കം

1. ആമുഖം

2. അടിസ്ഥാന വിവരങ്ങൾ

3. പൊതു ലക്ഷ്യങ്ങൾ

4. ഉപലക്ഷ്യങ്ങൾ

5. വിദ്യാലയ ചരിത്രം

6. അവസ്ഥാ വിശകലനം

7. പദ്ധതി വിശദാംശങ്ങൾ

8. മേഖലകൾ– വിഷയാടിസ്ഥാനത്തിൽ

9. കലണ്ടർ

10. മോണിറ്ററിംഗ്

# ആമുഖം

ഒരു വ്യക്തിയുടെ സമഗ്രവികസനമാണ് വിദ്യഭ്യാസത്തിലൂടെ ലക്ഷ്യമിടുന്നത്. സമഗ്രഗുണമേൻമാ പദ്ധതിയുടെ ഭാഗമായി പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പഠനം കൂടുതൽ കാര്യക്ഷമമാവുകയും കുട്ടികൾക്ക് മികച്ച പഠന സൗകര്യങ്ങൾ ഒരുക്കുകയും അക്കാദമിക രംഗത്ത് അവരുടെ നേട്ടങ്ങൾ വർദ്ധിപ്പിക്കുകളും ചെയ്യുന്നു. ഗുണമേൻമയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം നിറവേറ്റുന്നതിന് വിദ്യാലയ സമൂഹവും അധ്യാപകരും,വിദ്യഭ്യാസ സംവിധാനങ്ങളും കൂട്ടായി പ്രയത്നിക്കണം.

സമൂഹത്തിൽ ഉയർന്നു വരുന്ന ഓരോ വിദ്യഭ്യാസ സ്ഥാപനവും ആ സമൂഹത്തിന്റെ സാമൂഹ്യ മുന്നേറ്റങ്ങളിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ടാവണം. ഒരു നൂറ്റാണ്ടിനപ്പുറത്തേക്ക് വേരുകളുള്ള മേപ്പയൂർ എൽ പി സകൂളിന്റെ ചരിത്രം നവോത്ഥാന പ്രവർത്തനങ്ങളുടെയും ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളുമായും കണ്ണിചേർക്കപ്പെട്ടിട്ടുണ്ട്. 1901-ൽ തെക്കെവീട്ടിൽ അപ്പു നായർ ആണ് മേപ്പയൂർ എൽ പി സ്കൂൾ എന്ന് ഇന്ന് അറിയപ്പെടുന്ന ഐരാണിത്തറമ്മൽ ഹിന്ദു ബോയ്സ് സ്കൂൾ സ്ഥാപിച്ചത്.

മാറുന്ന കാലത്തെ വിദ്യാഭ്യാസ മികവ് സാധ്യമാക്കാൻ കഴിയുന്ന ആധുനികമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പരിശ്രമത്തിലാണ് ഇപ്പോൾ പുതിയ മാനേജ്മെൻറ് നഴ്സറി തലം മുതൽ നാലാം തരം വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ വ്യക്തിത്വവികാസത്തിനും ഭാഷ,ഗണിതം ശാസ്ത്രം എന്നിവയിലെ അടിസ്ഥാന ധാരണകൾ ഉറപ്പിക്കുന്നതിനും കലാകായിക മേഖലകളിലെ നൈപുണികൾ പോഷിപ്പിക്കുന്നതുമായ അറിവു നിർമ്മാണ പ്രക്രിയയിൽ ശാസ്ത്രീയമായ സമീപനമാണ് വിദ്യാലയം

സ്വീകരിച്ചുവരുന്നത്. ഈ ദിശയിൽ സവിശേഷമായ പദ്ധതികൾ സ്കൂളിൽ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. നേതൃത്വപരമായ പങ്ക് വഹിക്കുന്ന പി.ടി.എ യും , അക്കാദമിക മികവ് കൈവരിക്കാൻ അശ്രാന്തപരിശ്രമത്തിന് സന്നദ്ധരായ അധ്യാപകരും വിദ്യാലയത്തെ ഇന്ന് മികവിന് കേന്ദ്രമാക്കി മാറ്റിയിരിക്കയാണ്.

സ്വതന്ത്രമായ വായന , എഴുത്ത് എന്നീ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടാൻ വായന ഗ്രാമം എന്ന ഒരു മികവ് പ്രവർത്തന പദ്ധതിക്ക് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഈ വർഷം ഊന്നൽ നൽകിയിരിക്കുന്നു.

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി വിദ്യാലയത്തിൽ ജൂൺ മുതൽ മാർച്ച് വരെ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ ,ചുമതലകൾ ,ലക്ഷ്യങ്ങൾ,രക്ഷിതാവ് ,പി.ടി.എ ,അധ്യാപകർ മറ്റുള്ളവർ ഉൾച്ചേർന്നു നടപ്പിലാക്കേണ്ട പരിപാടികളും വിലയിരുത്തലും ഈ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

# അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | മേപ്പയ്യൂർ എൽ പി സ്കൂൾ |
| വിലാസം | മേപ്പയൂർ (പി ഒ ),പയ്യോളി (വഴി) |
| സ്കൂൾ കോഡ് | 16521 |
| വിദ്യാഭ്യാസജില്ലാ | വടകര |
| ഉപജില്ലാ | മേലടി |
| സി ആർ സി | മേപ്പയൂർ |
| ഗ്രാമ പഞ്ചായത്ത് | മേപ്പയ്യൂർ |
| ബ്ലോക്ക് പഞ്ചായത്ത് | മേലടി |
| നിയമസഭാമണ്ഡലം | പേരാമ്പ്ര |
| വില്ലേജ് | മേപ്പയൂർ |
| വാർഡ് | 4 |
| ഇമെയിൽ | meppayurlp@gmail.com |

## നിലവിലുള്ള കുട്ടികളുടെ വിവരങ്ങൾ

| Class | Total Strength |
|---|---|
| LKG | 15 |
| UKG | 11 |
| Std I | 35 |
| Std II | 41 |
| Std III | 40 |
| Std IV | 44 |
| ആകെ | 186 |

## നിലവിലുള്ള അധ്യാപകരുടെ വിവരങ്ങൾ

| | അധ്യാപകരുടെ പേര് | തസ്തിക |
|---|---|---|
| 1. | ഗീത പി കെ | പ്രധാന അധ്യാപിക |
| 2 | നിഷ കെ എം | എൽ പി എസ് ടി |
| 3 | സിനു എം | എൽ പി എസ് ടി |
| 4 | ശ്രീലത ടി പി | എൽ പി എസ് ടി |
| 5 | വിൻസി വി കെ | എൽ പി എസ് ടി |
| 6 | നബീൽ ഹാമിദ് എം | അറബിക് ടീച്ചർ |
| 7 | രമ്യ സി എം | എൽ പി എസ് ടി |
| 8 | ദിലീപ് വി | എൽ പി എസ് ടി |
| 9 | സാജിറ പി പി | എൽ പി എസ് ടി |
| 10 | സൂരജ് ഡി കെ | എൽ പി എസ് ടി (HTV) |
| 11 | ഷീബ കെ കെ | NTTC |
| 12 | ആതിര കെ | NTTC |

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | മേപ്പയ്യൂർ.എൽ.പി.സ്കൂൾ |
| വിലാസം | : | മേപ്പയ്യൂർ, മേപ്പയ്യൂർ .പി.ഒ. |
| ഫോൺ | : | 04962675485 |
| സ്കൂൾ കോഡ് | : | 16521 |
| വിദ്യാഭ്യാസ ജില്ല | : | വടകര |
| ഉപജില്ല | : | മേലടി |
| റവന്യുജില്ല | : | കോഴിക്കോട് |
| ബി.ആർ.സി. | : | മേലടി |
| സി.ആർ.സി. | : | മേപ്പയ്യൂർ |
| ഗ്രാമപഞ്ചായത്ത് | : | മേപ്പയ്യൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | മേലടി |
| ജില്ലാ പഞ്ചായത്ത് | : | മേലടി |
| നിയമസഭാ മണ്ഡലം | : | പേരാമ്പ്ര |
| വില്ലേജ് | : | മേപ്പയ്യൂർ |
| ഇമെയിൽ | : | meppayurlpschool@gmail.com |
| വെബ്സൈറ്റ് | : | |
| സ്കൂൾ വിക്കി | : | |

## പൊതു ലക്ഷ്യങ്ങൾ

- മത നിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് മികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പ് വരുത്തുക.
- നേടിയ ഭൗതിക സാഹചര്യത്തിൽ നിന്ന് കൊണ്ട് നല്ല സാമൂഹിക ബോധമുള്ള പൗരന്മാരെ സൃഷ്ടിക്കുക
- ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുക.
- സാമൂഹിക ഇടപെടലുകളോടെ അക്കാദമിക പ്രവർത്തനങ്ങൾ നടപ്പാക്കുക
- ഭൗതികവും അക്കാദമികവുമായ മെച്ചപ്പെടലിലൂടെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക. വിദ്യാലയത്തെ മികവന്റെ കേന്ദ്രമാക്കുക.
- അധ്യാപനവും അധ്യയനവും സർഗാത്മകവും രസരകവുമാക്കുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- നഴ്സറി മുതൽ നാലാം ക്ലാസ് വരെ പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുക

## ഉപലക്ഷ്യങ്ങൾ

- സ്കൂളിലെ എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ ഓരോ വിഷയത്തിനും കുട്ടി നേടേണ്ട പഠന നേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗ്ഗപരവും, അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് അവരെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- ഗണിതക്ലിനിക്, ഗണിതമേള, എന്നീ പ്രവർത്തന പദ്ധതികൾ വഴി എല്ലാ കുട്ടികളിലും ഉള്ള ഗണിതാഭിരുചി വികസിപ്പിക്കൽ
- എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഭാഷാഫലപ്രദമായി വായിക്കാനുംഎഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ
- ശാസ്ത്രക്ലബ്ബ്, ശാസ്ത്രമേള, ഫീൽഡ് ട്രിപ്പ്, എന്നീ പ്രവർത്തനങ്ങളിലൂടെ ഒന്നുമുതൽ നാല്‌വരെ ക്ലാസുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുക വഴി എല്ലാ കുട്ടികളിലും ശാസ്ത്രാഭിരുചി വളർത്തുക
- ലൈബ്രറി ശാക്തീകരണത്തിലൂടെ എല്ലാ കുട്ടികളിലെയും വായനാശേഷി വികസിപ്പിക്കുക.
- CWSN കുട്ടികൾക്ക് അനുരൂപീകരണ പ്രവർത്തനങ്ങൾ നൽകി പഠന നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കൽ
- വിവരസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി മുഴുവൻ കുട്ടികളുടെയുംപഠന നിലവാരം മെച്ചപ്പെടുത്തുക.

- സ്കൂളിലെ ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളായ ജൈവപാർക്ക്, ജൈവകൃഷി ,ഔഷധ സസ്യ സംരക്ഷണം, ഗ്രീൻ പ്രോട്ടോ കോൾ, മുതലായവയിലൂടെ പരിസ്ഥിതി സംരക്ഷണ ബോധം എല്ലാ കുട്ടികളിലും വളർത്തിയെടുക്കൽ.
- കുട്ടികളിലെ പരിസ്ഥിതി അവബോധം വളർത്തുക നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന കാർഷിക സംസ്കാരം വീണ്ടെടുക്കാനും മാറുന്ന സാങ്കേതിക വിദ്യയെകുറിച്ച് കുട്ടികളിൽ അവബോധം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഷോർട്ട് ഫിലിം നിർമ്മാണം
- എല്ലാ ദിനാചരണ പ്രവർത്തനങ്ങളും പഠന പ്രവർത്തനങ്ങളിലും ആരോഗ്യകായിക വിദ്യാഭ്യാസത്തിലും രക്ഷിതാക്കളുടെ പങ്ക് ബോധ്യപ്പെടുത്തൽ
- സ്കൂളിലെ പ്രവർത്തനമികവുകൾ പൊതുസമുഹത്തിലെത്തിക്കാനും കുട്ടികളുടെ പൊതുസമൂഹത്തിലെ ത്തിക്കാനും കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ പരിപോഷിപ്പിക്കാനും സ്കൂൾ മാഗസിൻ , പത്രം എന്നിവ പ്രസിദ്ധപ്പെടുത്തൽ, വാർഷിക ആഘോഷം സംഘടിപ്പിക്കൽ.

# മലയാളം

## ആമുഖം

പൊതുവിദ്യാലയങ്ങൾ ഓരോ പ്രദേശത്തിന്റെയും പുരോഗതിയുടെ ദിശാസൂചകങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസ ഘട്ടം ഒരു വിദ്യാർത്ഥിയുടെ പഠനത്തിന്റെ അടിത്തറപാകുന്ന നിർണ്ണായക കാലഘട്ടവും മാറുന്ന കാലത്തിനനുസരിച്ച് നാം നിത്യേന ഇടപെടുന്ന സംവിധാനങ്ങളും സ്ഥാപനങ്ങളും പരിഷ്ക്കരിക്കപ്പെടുകയും സുതാര്യമാക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി മലയാള ഭാഷയിൽ ഭാഷാപരമായി പിന്നോക്കാവസ്ത നേരിടുന് കുട്ടികൾക്കായി മലയാളത്തിളക്കത്തോടൊപ്പം പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്. അതുപോലെസർഗാത്മക രചനകളിൽ മികവ് പുലർത്തുന്ന് പ്രവർത്തനങ്ങളും ലൈബ്രറി ശാക്തീകരണവും മികവാർന്ന് പ്രവർത്തനങ്ങളായി ഉറപ്പു വരത്തേണ്ടതുണ്ട്.

അടുത്തഅധ്യായന വർഷം മുതൽ നടപ്പാകാൻ ഉദ്ദേശികുന്ന പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ.

ലക്ഷ്യങ്ങൾ

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ചുകൊണ്ട് ഭാഷാനിലവാരം മെച്ചപ്പെടുത്തൽ.
- കുട്ടിയിലെഭാവനാശേഷി വികസിപ്പികുന്ന തരത്തിൽ സർഗാത്മക രചനകളിൽ ഏർപ്പെടൽ.
- ലൈബ്രറി ശാക്തീകരണത്തിലൂടേ മികച്ച വായനക്കാരനാക്കൽ
- ലേഖനത്തിലുള്ള കഴിവ് പ്രകടിപ്പിക്കാനുതകുന്ന് പ്രവർത്തനങ്ങൾ

ഉപലക്ഷ്യങ്ങൾ

1. **ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ**
   - പ്രീടെസ്റ്റ്
   - പ്രത്യേക പരിശീലനം
   - പ്രവർത്തനങ്ങളുടെ ആസൂത്രണം.
   - ഐ.ടി. സാധ്യതകൾ ഉൾപ്പെടുത്തൽ
   - മലയാളത്തിളക്കം
   - അഭി പ്രേരണക്ലാസ്
2. സർഗ്ഗാത്മകപ്രവർത്തനങ്ങളിൽ മുൻതൂക്കം നൽകികൊണ്ട് വായനാ ശീലവും ഭാവനാ ശേഷിയും വികസിപ്പിക്കുക
   - ലൈബ്രറി ശാക്തീകരണം
   - പ്രീടെസ്റ്റ്
   - ക്യാമ്പ്, പഠന പ്രവർത്തനങ്ങൾ, ആസൂത്രണം
   - വായനാ മത്സരം
   - മാസത്തിൽ ഒരഥിതി

ഒന്നാം ലൈബ്രറി ശാക്തീകരണം

# അവസ്ഥാ പഠനം

പ്രൈമറി ക്ലാസിൽ കുട്ടി ആർജ്ജിക്കേണ്ട കരിക്കുലം വിഭാവനം ചെയ്യുന്ന ധരണകളും ആശങ്ങളും മനോഭാവങ്ങളും കുട്ടി  നേടി എന്ന് ഉറപ്പുവരുത്തുക.എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ
സ്വായത്തമാക്കാൻ വൈവിധ്യമാർന്ന അവസരങ്ങളൊരുകക്കുകയാണ് ഓരോ അക്കാദമിക വർഷവും. ഓരോ ക്ലാസിലെയും ഭിന്ന നിലവാരക്കാരെ കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തി. ഇതിൽ A B C,D E ഗ്രേഡ് നേടിയവർക്ക് പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

മലയാളത്തിളക്കം ശ്രദ്ധതുടങ്ങിയ പ്രവർത്തനങ്ങളുടെ ഭാഗമായികുട്ടികളുടെ നിലവിലെ സാഹചര്യം മെച്ചപ്പെട്ടു.എങ്കിലും പ്രത്യേകപരിഗണന അർഹിക്കുന്ന ഒരു വിഭാഗം വിദ്യാർത്ഥികൾ ഇപ്പോഴുമുണ്ട്. 1മുതൽ 4 വരെ ക്ലാസുകളിൽ 14 വിദ്യാർത്ഥികൾക്ക് പിന്നോക്കാവസ്ഥയുണ്ട്. ഇവർക്ക് വേണ്ട പരിഗണന പ്രത്യേകം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ബി.ആർ,സി.യിലെ പ്രത്യേക ട്രെയിനിംഗ് കിട്ടിയ അധ്യാപകരുടെയും സേവനം ആവശ്യമുണ്ട്. കുടാതെ സർഗാത്മക രചനകളിൽ മികവാർന്ന പ്രവർത്തനം ആസൂത്രണം ചെയ്തിട്ടുണ്ട്. സ്കൂളിലെ 1 മുതൽ 4 വരെ ക്ലാസുകളിൽ 160 കുട്ടികളിൽ 32 പേർക്ക് സ്വതന്ത്ര രചനകളിൽ ഏർപ്പെടാൻകഴിവുണ്ട്. ഇവരെ കൂടുതൽ മികവാർന്ന പ്രവർത്തനങ്ങളിലൂടെ മികച്ച വായനക്കാരും എഴുത്തുകാരനും ആക്കുകയാണ് അടുത്ത അധ്യായന വർഷത്തെ മറ്റൊരുപ്രാധന ആസൂത്രണം.

ഭാഷാ പ്രകടനത്തിന് കൂടുതൽ മികവ് പുലർത്താൻ ചിത്രങ്ങളിം ICT  സംവിധാനങ്ങളും ഉപയോഗപ്പെടുത്തി ശരാശരിയായ 28 കുട്ടികളെ മികവിന്റെ പാതയിൽ എത്തിക്കുക  എന്നാതാണ് മറ്റൊരുലക്ഷ്യം

## 2. അക്കാദമികം

കുട്ടികളിലെ ഭാവനാശേഷി വികസിപ്പിക്കുന്ന തരത്തിൽ സർഗാത്മക രചനകളിൽ ഏർപ്പെടൽ

| | കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ |
|---|---|---|
| കുട്ടി | താൽപ്പര്യക്കുറവ് ,മികച്ചസൃഷ്ടികൾ വായിക്കാൻ അവസരം ലഭിക്കാത്തത് | താൽപര്യമുണർത്തുന്ന ബോധന തന്ത്രം ആസൂത്രണം ചെയ്യുക സാഹിത്യക്യാമ്പ് അഭിമുഖം പുസ്തകങ്ങൾ ഇ വായനക്ക് അവസരം നൽകൽ |
| ടീച്ചർ | പ്രവർത്തനങ്ങളുടെ ബാഹുല്യം . സമയക്കുറവ് | സൂക്ഷ്മതല ആസൂത്രണം സർഗമേളകൾ ഉപയോഗ പ്പെടുത്തൽ, പഠനോപകരണങ്ങൾ കൃത്യമായി ഉപയോഗപ്പെടുത്തുകമികച്ച സൃഷ്ടികൾ പരിചയപ്പെടുത്തണം |
| രക്ഷിതാവ് | നിരക്ഷരത, താൽപര്യക്കുറവ്, സമയക്കുറവ് | ബോധവത്ക്കരണ ക്ലാസ് ക്യാമ്പ് അമ്മവായന |
| സംവിധാനം | പ്രവർത്തനങ്ങളുടെ ആധിക്യം ,അനുരൂപീകരണംപർത്തനങ്ങളുടെ അഭാവം. | കൃത്യമായ മോണിറ്ററിംഗ് മറ്റ് പ്രവർത്തനങ്ങളുടെആധിക്യം കുറയ്ക്കുക |

# ഐ.ടി.സംവിധനംലൈബ്രറി ഉപോയോഗപ്പെടുത്തൽ

## സഞ്ചരിക്കുന്ന ലൈബ്രറി

**അമ്മ വായന**

**പ്രശ്ന വിശകലനം -മലയാളം        അക്കാദമികം**

**ഭാഷാപരമായ പിന്നോക്കാവസ്ഥ**

| | കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ |
|---|---|---|
| കുട്ടി | ഭാഷാപരമായ വൈകല്യം<br>ഓർമ്മക്കുറവ്, താല്പര്യക്കുറവ്<br>ക്ലാസിൽ വരാത്തത് | കുട്ടികളുടെ ക്ലാസ് അന്തരീക്ഷം,<br>ഐ.സി.ടി. ഉപയോഗപ്പെടുത്തൽ<br>കാർഡുകൾ ഉപയോഗിക്കുക |
| ടീച്ചർ<br>രക്ഷിതാവ് | ആസൂത്രണത്തിന്റെ കുറവ്<br>പഠനോപകരണങ്ങളുടെ അഭാവം<br>ധാരണക്കുറവ് ശ്രദ്ധക്കുറവ്<br>ഗൃഹാന്തരീക്ഷം അനുകൂലമല്ല | അധ്യാപകർ സൂക്ഷ്മതല ആസൂത്രണം<br>നടത്തുക ബോധന തന്ത്രം<br>ആസൂത്രണം<br>ചെയ്യുക,പഠനോപകരണങ്ങൾ<br>കിലിപശാല, ബോധ വത്കരണ ക്ലാസ് |
| സംവാധാനം | കൃത്യമായ മോണിറ്ററിംഗ്<br>സമയക്കുറവ് മറ്റ് പർത്തന<br>ങ്ങളുടെ ആധിക്യം | കൃത്യമായ മോണിറ്ററിംഗ് മറ്റ്<br>പ്രവർത്തനങ്ങളുടെ ആധിക്യം<br>കുറയ്ക്കുക |

# അക്കാദമികം മലയാളം

## ലക്ഷ്യം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് കുട്ടികളുടെ ഭാഷാനിലവാരം മെച്ചപ്പെടുത്തുക

| ലക്ഷ്യങ്ങൾ | പദ്ധതി | പ്രവർത്തനങ്ങൾ | പ്രവർത്തന ഉപാധികൾ | നടത്തിപ്പ് ചുമതല | ഗുണഭോക്താക്കൾ | കാലയളവ് | മൂല്യനിർണ്ണയം | സാമ്പത്തികം |
|---|---|---|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ | അക്ഷരച്ചെപ്പ്<br>അക്ഷരകളരി<br>അക്ഷരക്കൂട്ടം<br>മലയാളത്തിളക്കം<br>ആരണപ്പെട്ടി<br>ചിത്രം കഥാകാരൻ | പ്രീടെസ്റ്റ് നടത്തുക<br>അക്ഷരമുറപ്പിക്കൽ<br>ചിഹ്നമുറപ്പിക്കൽ<br>ശരിയായ സ്ട്രോക്ക് പരിചയപ്പെടുത്തൽ<br>കോപ്പി എഴുത്ത്<br>വാക്കുകൾ നിർമ്മാണം<br>വാക്യങ്ങൾ നിർമ്മാണം<br>ചിത്രം നോക്കാം കഥ പറയാം എഴുതാം<br>കതബാക്കി എഴുതൽ<br>കഥാപ്പതിപ്പ് നിർമ്മാണം<br>ഡയറിഎഴുത്ത്<br>സിഡി കണിച്ച് വാക്യങ്ങൾ നിർമ്മാണം | പഠന സാമഗ്രികൾ ടീച്ചർ നിർമ്മിക്കൽ മാസത്തിലൊരു പഠനോപകരണശില്പശാലസംഘടിപ്പിക്കൽ<br><br>പി.ടി.എ.എസ് ആർ ജി യുടെ സഹായം | ക്ലാസ് ടീച്ചർ | 1 – 4 വരെ മുഴുവൻ കുട്ടികൾക്കും 1 2 3 4 ക്ലാസിൽ തെരഞ്ഞെടുത്ത സി ഡി ഇ ഗ്രേഡ് നേടി. കുട്ടികൾ | ജൂൺ 6 ന് മുമ്പ് ജൂൺ സെപ്തംബർ മാസത്തിൽ 7 ക്ലാസ | എച്ച്.എം. എസ്.ആർ.ജി ക്ലാസ് ടീച്ചർ പി.ടി.എ | പി.ടി എ ഫണ്ട് ടീച്ചേഴ്സ് ഗ്രാന്റ് 5000 രൂപ |
| | | | | | | | | |

# അക്കാദമികം മലയാളം

ലക്ഷ്യം: സർഗാത്മക രചനകളിൽ ഏർപ്പെടാൻ പ്രാപ്തരാക്കുക , ലൈബ്രറി ശാക്തീകരണത്തിലൂടെ വായിച്ച് വളരാനുള്ള ഉറപ്പു വരുത്തുക.

| ലക്ഷ്യങ്ങൾ | പദ്ധതി | പ്രവർത്തനങ്ങൾ | പ്രവർത്തന ഉപാധികൾ | നടത്തിപ്പ് ചുമതല | ഗുണഭോക്താക്കൾ | കാലയളവ് | മൂല്യനിർണ്ണയം | സാമ്പത്തികം |
|---|---|---|---|---|---|---|---|---|
| | അക്ഷരായനം സ്നേഹസമ്മാനം വയോജനനോത്സവം വായനാവസന്തം അമ്മ വായന ക്ലാസ് സഭ കുട്ടി സാഹിത്യ സഭ സംവാദ കവിയരങ്ങ് മാസത്തിലൊരതിഥി മാഗസിൻ നിർമ്മാണം സർഗമേള വായന ഗ്രാമം | ഓരോ ക്ലാസിലും വായന മൂല ഒരുൽ വയനാ മത്സരം മൊബൈൽലൈബ്രറി ക്ലാസ് സഭയിൽ വായനാക്കുറിപ്പുകൾ അവതരണം അസംബ്ലിയിൽ അവതരണം വയനാ പതിപ്പ് , ആസ്വാദനക്കുറിപ്പ് നിർമ്മാണം , ബാലസഭയിൽ അവതരണം സർഗവേള പിരീഡിൽ ചിത്രം നോക്കാം കഥയെഴുതാം കവിതാ നിർമ്മാണം ഈ വായന ഐ,സി ടി. കവിത ചിത്രീകരണം സാഹിത്യ കാരനുമായി അഭിമുഖം ,മാസത്തിലൊരതിഥി, സാഹിത്യ ക്യാമ്പ് ക്ലാസ് ലൈബ്രറി ,സ്കൂൾ ലൈബ്റി, അമ്മവായന, വായനാക്കുറിപ്പ് തയ്യാറാക്കൽ ബാലസഭയിൽ കുട്ടി സാഹിത്യ സംവാദ സദസ്സ് സംഘടിപ്പിക്കൽ മികച്ച അമ്മ വായന ക്കാരിയെകണ്ടെത്തൽ സ്നേഹസമ്മാനം നൽകൽ വായനാ ക്വിസ് മത്സരം അമ്മ, കുട്ടിവിദ്യാരംഗം, സ്കൂൾ മാഗസിൻ നിർമ്മാണം ക്ലാസ് മഗസിൻ മികച്ച എഴുത്തുകരാന് ജ്ഞാന പീഠം പുരസ്കാരം സകൂൾ വാർഷിക വേളയിൽ | ഒരു കുട്ടി ഒരു പുസ്തകം പി.ടി. എ എസ് എസ്. ജി.യുടെ സഹായം ക്ലബ്ബുകൾ | 3,4 ക്ലസുകളിലെ എ ബി എന്നീ ഗ്രേഡ് നേടിയ കുട്ടികൾ | 1 വർഷം | എല്ലാ ടീച്ചേഴ്സും പി.ടി എഎസ് എസ് ജി | | |

ലക്ഷ്യം : ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് കുട്ടികളുടെ ഭാഷാ നിലവാരം മെച്ചപ്പെടുത്തൽ

| പ്രവർത്തനങ്ങൾ | ചുമതല |
|---|---|
| 1. ഓരോ ക്ലാസിലും പ്രീടെസ്റ്റ് നടത്തുന്നു. ഇതിനുവേണ്ട ട്യൂൾ നിർമ്മിക്കുന്നു.പിന്നോക്കക്കാരെയും മറ്റുള്ളവരെയും മറ്റുള്ള വരെയും കണ്ടെത്തുന്നു. | എസ്.ആർ.ജി കൺവീനർ |
| 2. അക്ഷരച്ചെപ്പ് ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു. | രമ്യടീച്ചർ |
| 3. അക്ഷരക്കളരിചിത്രങ്ങളിലൂടെയും മലയാള അക്ഷരങ്ങൾ ഉറപ്പിക്കൽ | |
| 4. അക്ഷരക്കൂട്ടം അക്ഷരങ്ങളും, ചിഹ്നങ്ങളും എഴുതിയ കാർഡുകൾ നൽകി വാക്കുകളും വാക്യങ്ങളും നിർമ്മിക്കൽ, ലേഖനം, വായന | രമ്യടീച്ചർ |
| 5. കോപ്പി എഴുത്തിലൂടെയും മണലിലെഴുത്തിലൂടെയും ഓരോ അക്ഷരങ്ങളുടെയും സ്ട്രോക്ക് പരിചയപ്പെടൽ | രമ്യ ടീച്ചർ |
| 6. മലയാളത്തിളക്കം ഐ.സി.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് സർക്കാർ നടപ്പാക്കിവരുന്ന മലയാളത്തിളക്കം പ്രവർത്തനങ്ങൾ ചെയ്യൽ. | രമ്യടീച്ചർ |
| 7. ആഭരണപ്പെട്ടി ചാർട്ടിൽ ചിഹ്നങ്ങൾ ചേർക്കാതെ നൽകുന്ന വാക്കുകളും വാക്യങ്ങളും നൽകുന്നു. അതിന് ഉചിതമായ ചിഹ്നങ്ങൾ ചേർക്കൽ (ഗ്രൂപ്പ് , വ്യക്തിഗതം) | |
| 8. ചിത്രം. ചിത്രം ചാർട്ടിൽ നോക്കി അടിക്കുറിപ്പ് നിർമ്മാണം, കഥപറയൽ, എഴുതൽ. അധ്യാപികയുടെ സഹായത്താൽ | നിഷ.കെ.എം.<br>നിഷ |
| 9. കുട്ടിക്കുറുമ്പ് (സിഡി) സിഡി കാണിച്ച് വാക്യങ്ങൾ നിർമ്മാണം.(ഐസി.ടി) ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം.എഴുതാനവസരം. | നിഷ<br>നിഷ |
| ഭിന്നശേഷിക്കാരെ പരിഗണിക്കാൻ<br>1. സി ഡി അധ്യാപകരുടെ പ്രത്യേക പാക്കേജ് | ഐ.ഇ.ഡി അധ്യാപകർ,ബി. ആർ.സി, ക്ലാസ് ടീച്ചർ |

ലക്ഷ്യം : ഭാവനാശേഷി വികസിപ്പിക്കുന്ന തരത്തിൽ സർഗാത്മക രചന കളിൽ ഏർപ്പെടൽ മികച്ച വായനക്കാരനാക്കൽ

| | |
|---|---|
| **അക്ഷരായനം**<br>ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന ഗ്രൂപ്പാക്കുന്നു. എത്ര പുസ്തകം വായിക്കാം, വായനക്കുറിപ്പ്<br>അസംബ്ലി, ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം | വിൻസി |
| **സ്നേഹസമ്മാനം**<br>ഓരോ ക്ലാസിലെയും മികച്ച വായനക്കാരന് വായനാക്കുറിപ്പ് പരി ശോധിച്ച് സ്നേഹസമ്മാനമായി ഒരു പുതിയ പുസ്തകം നൽകൽ (സ്കൂൾ അസംബ്ലി) | ശ്രീലത |
| മൊബൈൽ ലൈബ്രറി<br>ഓരോ കുട്ടിയുടെയും ബേഗിൽ ഒരു പുസ്തകം. ഒഴുവിവേളകളിൽ എവിടെയും ഇരുന്ന് വായിക്കാൻ അവസരം. | ശ്രീലത |
| **വായനാ വസന്തം**<br>കുട്ടികളെകൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ യോഗത്തിൽ പങ്കെ ടുത്ത കുട്ടികൾ സ്വയം പുസ്തകവുമായി അനുഭവം പങ്കിടൽ ആസ്വാദനക്കുറിപ്പ പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയ പ്പെടൽ എന്നീ പ്രവർത്തനങ്ങൾ അവതരിപ്പിക്കാൻ മാസത്തിൽ 2 തവണ നടത്തുന്നു. | സാജിറ.പി.പി |
| **അമ്മവായന**<br>സ്കൂൾ ലൈബ്രറിയും ക്ലാസ് ലൈബ്രറിയും ഒന്നിച്ചു ചേർന്ന്കൊണ്ട് അമ്മവായനയ്ക്ക് അവസരം നൽകുന്നു. വായനക്കുറിപ്പ് തയ്യാറാക്കു ന്നു. പ്രോത്സാഹനം നൽകൽ സ്നേഹസമ്മാനം വിതരണം. വായനാ മത്സരവും (മാസത്തിൽ 1 തവണ) | സിനു |
| **മാഗസിൻ നിർമ്മാണം**<br>വിദ്യാരംഗം പരിപാടിയുടെ ഭാഗമായും ക്ലാസ്റൂം പ്രവർത്തനങ്ങ ളുടെ ഭാഗമായും നടത്തുന്ന പ്രവർത്തനങ്ങളിൽ നിന്ന് മികച്ച രചന കൾ കണ്ടെത്തുന്നു.അതിൽ നിന്ന് മികച്ച എഴുത്തുകാരന് വാർഷികാ ഘോഷവേളയിൽ സ്കൂൾ ജ്ഞാനപീഠം പുരസ്കാരം എന്ന പേരിൽസമ്മാനദാനം നടത്തുന്നു. കുട്ടികളുടെ സൃഷ് ടികൾ ഉൾപ്പെ ടുത്തി മാഗസിൻ പ്രകാശനം (പി.ടി.എയിൽ) | സിനു<br><br>വിൻസി |
| **മാസത്തിൽ ഒരതിഥി**<br>വായനാ വസന്തത്തിന്റെ തുടർച്ചയായി തന്നെ മാസത്തിൽ 1 തവണ എന്ന രീതിയിൽ സമീപ പ്രദേശങ്ങളിലെ യും പ്രശസ്ത രായ എഴു ത്തുകാരെയും സംഘടിപ്പിച്ചുകൊണ്ട് ഒരു സാഹിത്യ ക്യാമ്പ് സംഘ ടിപ്പിക്കൽ. സാഹിത്യാകാരനുമായി അഭിമുഖം, സംവാദം, സൃഷ്ടി കൾ അവതരണം എന്നിവയ്ക്ക് അവസരം നൽകൽ സർഗവേള<br>ഓരോ ദിവസത്തെയും സർഗേവള പിരീഡിൽ കുട്ടികൾക്ക് വായ നക്കും രചന മത്സര ങ്ങളും സംഘടിപ്പിക്കുന്നു. ഇ വായന ഐ.സി. ടി. ഉപയോഗിച്ച് സാധ്യമാക്കുന്നു. | നിഷ, ഗീത, സിനു, ശ്രീലത, വിൻസി, സാജിറ,രമ്യ<br><br>എച്ച്.എം.പി.ടി. എസ്. ആർ.ജി.കൺവീനർ<br><br>എല്ലാ ടീച്ചേഴ്സും |

# പരിസരപഠനം
# ശാസ്ത്ര പോഷക പരിപാടി

ലക്ഷ്യങ്ങൾ  പഠിതാവിന്റെ താൽപര്യവും വികാസവും പരിഗണിച്ച് കൊണ്ട് വൈവിധ്യമുള്ള പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.

## പ്രവർത്തനങ്ങൾ

ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രയോഗിക്കപ്പെടുന്ന ഒന്നാണ് ശാസ്ത്രം. ശാസ്ത്ര പോഷക പരിപാടി എന്നതുകൊ് ഉദ്ദേശിക്കുന്നത് അറിവിന്റെ ഉല്പാദനവും നേടിയ അറിവുകളെ വ്യാഖാനിക്കാനും അത് ജീവിത ക്രമമാക്കി മാറ്റാനും കഴിയുക എന്നതാണ്. കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക, കുട്ടികളെ പ്രകൃതിയിലേക്ക് ഇറങ്ങിച്ചെന്ന് നേരിട്ട് അനുഭവ ഭേദ്യമാക്കുന്ന പ്രവർത്തനങ്ങൾ നൽകണം. നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക. കുട്ടികളിൽ ശാസ്ത്രീയമായ അവബോധം വളർത്തുന്നതിനുകുന്ന പ്രവർത്തനങ്ങളാണ് സയൻസ് കോർണർ . പ്രശ്നപരിഹാരത്തിനാവശ്യമായ പിരീക്ഷത്തിലേർപ്പെടൽ, പരിക്ഷണം സ്വന്തമായി ചെയ്യൽ ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ തുടങ്ങിയ ശേഷികൾ കുട്ടികളിൽ വികസിപ്പിച്ചെടുക്കണം.

# പരിസരപഠനം

ലക്ഷ്യങ്ങൾ

- തന്റെ ചുറ്റുപാടുള്ള പരിസരം നിരീക്ഷിച്ച്
- കുട്ടികളിൽ സാമൂഹിക പ്രതിബദ്ധതയും സഹഭാവവും വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുക.
- ഓരോ ക്ലാസിലേയും പഠന പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുക.
- ഓരോക്ലാസിലെയും പഠന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന വിധത്തിൽ ജൈവ വൈവിധ്യ പാർക്ക് ഉപയോഗപ്പെടുത്തുക.
- കൃഷിയിൽ താൽപര്യമുണർത്തൽ
- ദിനാചരണങ്ങൾ കാര്യക്ഷമമാക്കൽ
- സാമഗ്രികൾഉപയോഗിച്ച് ശാസ്ത്ര പാഠ്യപദ്ധതി വിനിമയം ചെയ്യാൻ കുട്ടികളിൽ ശാസ്ത്ര പ്രക്രിയശേഷികൾ പരിപോഷിപ്പിച്ച് കുട്ടി ശാസ്ത്രജ്ഞന്മാരെ വളർത്തുക.
- ദേശീയ സമരത്തിൽ പങ്കെടുത്ത മഹാന്മാരുടെ വിവരങ്ങൾ ശേഖരിക്കൽ , കുട്ടികളിൽ മൂല്യബോധം  രാജ്യ സ്നേഹം എന്നിവ വളർത്തിയെടുക്കൽ
- സമീപ പ്രദേശങ്ങളിലെ ജല സ്രോതസ്സുകളെക്കുറിച്ചും ജലലഭ്യതയെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കൽ

| പ്രവർത്തനം | മാസം |
| --- | --- |
| പ്രീടെസ്റ്റ് | ജൂൺ 1 – 4 |
| അക്ഷരച്ചെപ്പ് | ജൂൺ 6 – ആഗസ്ത് 10 |
| അക്ഷരക്കളരി | ജൂൺ 25 – ആഗസ്ത് 31 |
| അക്ഷരക്കൂട്ടം | ജൂൺ 25 – ആഗസ്ത് 31 |
| മലയാളത്തിളക്കം | ആഗസ്ത് – ഡിസംബർ |
| ആഭരണപ്പെട്ടി | ആഗസ്ത് – ഡിസംബർ |
| ചിത്രം | ഡിസംബർ – ജനുവരി |
| അക്ഷരായനം | ജനുവരി – മാർച്ച് |
| സ്നേഹ സമ്മാനം | ജൂലായ് – മാർച്ച് |
| മൊബൈൽ ലൈബ്രറി | 30 ജൂൺ -എല്ലാ മാസവും 30 ാം തിയ്യതി |
| വായനാവസന്തം | ജൂൺ മുതൽ മാർച്ച് വരെ<br>മാസത്തിൽ 1 തവണ |
| മാഗസിൻ നിർമ്മാണം | ഒക്ടോബർ നവംബർ |

# അവസ്ഥാപഠനം- പരിസരപഠനം

പ്രൈമറി ക്ലാസിൽ കുട്ടി ആർജ്ജിക്കേ കരിക്കുലം വിഭാവനം ചെയ്യുന്ന ധാരണകളും ആശയങ്ങളും ഉറപ്പ് 'വരുത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നു. ഓരോ ക്ലാസിലെയും ഭിന്ന നിലവാരക്കാരെ കത്തെി പ്രിടെസ്റ്റ് നടത്തി.

പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു വിഭാഗം വിദ്യാർത്ഥികൾ ഇപ്പോഴുമുണ്ട്. ബി.ആർ.സി.യിലെ പ്രത്യേക ട്രെയിനിംഗ് കിട്ടിയ അധ്യാപകരുടെയും സേവനം ആവശ്യ മുണ്ട്. സയൻസ്ലാബ് വിപുലീകരിക്കേ നടപടികളും അത്യന്താപേക്ഷിതമാണ്. ഫീൽഡ്ട്രിപ്പ്, പഠനയാത്ര നടത്താറുമുണ്ട്. തൻറെ ചുറ്റുപാടുമുള്ള പരിസരം നിരീക്ഷിച്ച് ശാസ്ത്രത്തോട് ബന്ധമുള്ള പരിസരത്തോട് ബന്ധമുള്ള കുട്ടികളെ വാർത്തെടുക്കാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. പരീക്ഷണങ്ങൾ കൂടുതൽ ഫലപ്രദമാക്കേതുണ്ട്.

# പരിസരപഠനം

## ലക്ഷ്യം തന്റെ ചുറ്റുപാടുമുള്ള പരിസരം നിരീക്ഷിച്ച് ശാസ്ത്രബോധമുള്ള കുട്ടികളെ വാർത്തെടുക്കൽ

| ലക്ഷ്യങ്ങൾ | പദ്ധതി | പ്രവർത്തനങ്ങൾ | പ്രവർത്തന ഉപാധികൾ | നടത്തിപ്പ് ചുമതല | ഗുണഭോക്താക്കൾ | കാലയളവ് | മൂല്യനിർണ്ണയം | സാമ്പത്തികം |
|---|---|---|---|---|---|---|---|---|
| സാമഗ്രികൾ ഉപയോഗിച്ച ശാസ്ത്ര പാഠ്യപദ്ധതിവിനിമയം ചെയ്യാൻ കുട്ടികളിൽശാസ്ത്ര പ്രക്രിയ ശേഷികൾ പരിപോഷിപ്പിച്ച് കുട്ടി ശാസ്ത്രജ്ഞന്മാരെ വളർത്തുക | നേരറിവ് ക്ലാസുകൾ , ഏറ്റെടുക്കൽക മത്തൽ ലാബിലേക്കൊരു നോട്ടം | പാഠ വിശകലനം പരീക്ഷണ ലിസ്റ്റ് ചെയ്യൽ സാമഗ്രികൾ കണ്ടെത്തൽ പരീക്ഷണ വസ്തുക്കളുടെ ഉറവിടം കണ്ടെത്തൽ വ്യക്തിഗത അവസരം അവതരണം ശാസ്ത്രമൂല ഒരുക്കൽ വിലയിരുത്തൽ പരീക്ഷണക്കുറിപ്പ് പട്ടികനിഗമനം രക്ഷിതാക്കളുടെ മുന്നിൽ പ്രകടിപ്പിക്കൽ | പഠനസാമഗ്രി കൾ കണ്ടെത്തൽ. സയൻസ്ലാബുക ൾ പി.ടി. എ | ക്ലാസ് ടീച്ചർ | 1 -4 കുട്ടികൾ തെരഞ്ഞെടുത്ത സി. ഡി.ഇ. കുട്ടികൾ | ജൂൺ സെപ്തംബർ | എച്ച്. എം. എസ്. ആർ.ജി. പി. ടി.എ | 10000 |
| തന്റെ ചുറ്റുപാടുമുള്ള പരിസരം നിരീക്ഷിച്ച് ശാസ്ത്രബോധമുള്ള കുട്ടികളെ വളർത്തെടുക്കൽ | സ്കൂളിലൊരു പ്രകൃതി നടത്തം ഫീൽഡ് ട്രിപ്പ് | ചിത്രം വരയ്ക്കാം സ്വന്തം വീട്വരയിലെ കൃത്യത ചിത്ര നിരീക്ഷണം നിരീക്ഷിണത്തെക്കുറിച്ച് ഫീൽഡ് ട്രിപ്പ് വിലയിരുത്തൽ (സൂക്ഷ്മ നിരീക്ഷണ പാടവം) ചെക്ക് ലിസ്റ്റ് | എസ്.എസ്.ജി. യുടെ സഹായം | 1 – 4 കുട്ടികൾ | ജൂൺ– സെപ്തംബർ | എച്ച് എം എസ് .ആർ. ജി. പി. ടി.എ | | |

ലക്ഷ്യം

ഓരോ ക്ലാസിലെയും പഠന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന വിധത്തിൽ ജൈവവൈവിധ്യ പാർക്ക് ഉപയോഗപ്പെടുത്തുക.

| ലക്ഷ്യങ്ങൾ | പദ്ധതി | പ്രവർത്തനങ്ങൾ | പ്രവർത്തന ഉപാധികൾ | നടത്തിപ്പ് ചുമതല | ഗുണഭോക്താക്കൾ | കാലയളവ് | മൂല്യനിർണ്ണയം | സാമ്പത്തികം |
|---|---|---|---|---|---|---|---|---|
| ശാസ്ത്ര ബോധം വളർത്തുന്നതിന്റെ ഭാഗമായി കുട്ടികളെ നേരിട്ട് ഇനുഭവങ്ങളിലേക്ക് നയിക്കുന്നതിനായി ജൈവവൈവിധ്യ പാർക്ക് സജ്ജമാക്കുക. | ജീവികളെ വളർത്തൽ സസ്യങ്ങൾ വളർത്തൽ പക്ഷിക്കൊരു കൂട് ശലഭവളർത്തൽ പൂന്തോട്ട നിർമ്മാണം | പാഠം വിശകലനം പ്രവർത്തന കലണ്ടർ ജൈവ വൈവിധ്യ പാർക്ക് (സിഡി പ്രദർശനം) ജൈവ വൈവിധ്യ പാർക്ക് ( സിഡി പ്രദർശനം) ജൈവം-പുണ്യം (പ്രവർത്തനം) പാർക്കിനൊരു തണൽ (സസ്യങ്ങൾ നടൽ) | പി.ടി.എ. പഠന സാമഗ്രികൾ ത്തൽ | ക്ലാസ് ടീച്ചർ | 14 കുട്ടികൾ | ജൂൺ – സപ്തംബർ | എച്ച്.എം എസ്ആർ.ജി പി.ടി.എ | 10000 |

ലക്ഷ്യം

## ദിനാചരണങ്ങൾ കാര്യക്ഷമമാക്കൽ

| പ്രവർത്തനം | ചുമതല |
|---|---|
| ദിനാചരണം<br>ഓരോ മാസത്തിലെയും പ്രധാനപ്പെട്ട ദിനങ്ങൾ ആചരിക്കൽ ക്വിസ് , ചുമർ പത്രിക തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം. ഓരോ ദിനവുമായി ബന്ധപ്പെട്ട് പ്രശസ്തരായ വ്യക്തികളുമായി അഭിമുഖം.റാലി സംഘടിപ്പിക്കൽ | എല്ലാ ടീച്ചേഴ്സും |
| | |

## ലക്ഷ്യം

## കൃഷിയിൽ താൽപര്യമുണർത്തൽ

| പ്രവർത്തനം | ചുമതല |
|---|---|
| നേരറിവ്<br>കൃഷിത്തോട്ടം സന്ദർശിക്കൽ. 2,3,4 ക്ലാസുകളിലെ കുട്ടികളെ സമീപത്തുള്ള കൃഷിത്തോട്ടം നേരിട്ട് കാണിക്കൽ. നേരിട്ടുള്ള അനുഭവത്തിലൂടെ കുട്ടികളിൽ കൃഷിയിലുള്ള താൽപര്യം വർദ്ധിപ്പിക്കുന്നു. | വിൻ സി.വി.കെ.<br>ശ്രീലതി ടി.പി. |
| കൃഷിത്തോട്ടം -സ്കൂളിൽ ഒരു കൊച്ചു പച്ചക്കറിത്തോട്ടം സ്കൂളിൽ നിർമ്മിക്കുന്നു.<br><br><u>ഫീൽഡ് ട്രിപ്പ്</u><br><br>നെൽവയൽ സന്ദർശനം കണ്ടംചിറയിലേക്ക് എല്ലാ കുട്ടികളെയും കൊ് ഫീൽഡ് ട്രിപ്പ് നടത്തുന്നു. 2017 വർഷത്തെ പഞ്ചായത്തിന്റെ നെൽകൃഷി പ്രോത്സാഹന പദ്ധതികൾ കുട്ടികളെ അറിയിക്കുന്നു. | രമ്യ.സി.എം.<br>സിനു.എം.<br>എല്ലാ ടീച്ചേഴ്സ് |

## ലക്ഷ്യം

## ദേശീയ സമരത്തിൽ പങ്കെടുത്ത മഹാന്മാരെ ക്കുറിച്ച് വിവരങ്ങൾ ശേഖരിക്കൽ തിരിച്ചറിയൽ , രാജ്യ സ്നേഹം , മൂല്യബോധം എന്നിവ കുട്ടികളിൽ വളർത്തൽ

| പ്രവർത്തനം | ചുമതല |
|---|---|
| സർവ്വേ നടത്തൽ<br>കൊയിലാണ്ടി താലൂക്കിൽ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് ഒരു സർവ്വേ നടത്തൽ . അതിന് സർവ്വേ നടത്താൻ ആവശ്യമായ ഫോർമേറ്റ് രൂപീകരണം കുട്ടികൾ ഗ്രൂപ്പാക്കി ടീച്ചറുടെ സഹായത്തോടെ സർവ്വേ ഫോർമാറ്റ് രൂപീകരണം.<br>2. ഓരോ സ്ഥലങ്ങളിലെയും പ്രധാനപ്പെട്ട മഹാന്മാരുടെ ലിസ്റ്റ് തയ്യാറാക്കുന്നു. (പി.ടി.എ, എസ്.എസ്,ജി സഹായത്തോടെ )<br>3. ഗ്രൂപ്പ് തിരിഞ്ഞ് (മാസത്തിൽ ഒരു ദിവസം സന്ദർശന സ്ഥലത്തെ മഹാന്മാരുടെ വീടുമായി മുൻകൂട്ടി തിയ്യതി നിശ്ചയിക്കുകയും സന്ദർശിക്കുകയും ചെയ്യുന്നു.<br>4. വിവര ശേഖരണത്തിനുശേഷം സ്കൂൾ വാർഷികാഘോഷ വേളയിൽ പ്രദർശനം | എച്ച്.എം, പി,ടി.എ പ്രസിഡന്റ്, നിഷ, സിനു, ശ്രീലത. വിൻസി, രമ്യ, നസീൽ ഹമീദ് |

ലക്ഷ്യം

സമീപ പ്രദേശങ്ങളിലെ ജലസ്രോതസ്സുകളെക്കുറിച്ചും ജല ലഭ്യതയെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കൽ

## പ്രവർത്തനങ്ങൾ

### പദ്ധതി - നിറകുട്ടം

1. 3,4 ക്ലാസിലെ കുട്ടികളെ അടിസ്ഥാനത്തിൽ സ്കൂളിന് സമീപത്തുള്ള പട്ടോനകികുളം , പുത്തൻപുര പാറ, പൂതേരിപ്പാറ, ഒളോറപ്പാറ , തിരുവങ്ങായൂർ ക്ഷേത്രത്തിലെ പാറയിടുക്കിലെ നീരുറവ എന്നിവ ദർശിച്ച് വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ . ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി പി.ടി.എ.യിൽ പ്രദർശനവും (എൽ, സി,ഡി, സി. ഡി) പ്രദേശത്തെ മുതിർന്ന ആളുകളുമായി അഭിമുഖം നടത്തുന്നു. ഇതിനുവേണ്ടി ചോദ്യാവലി മുൻകൂട്ടി കുട്ടികൾ തയ്യാറാക്കുന്നു. ഓരോ സ്ഥലങ്ങളിലും സന്ദർശിക്കാൻ മുൻകൂട്ടി അനുവാദം എച്ച്.എം. വാങ്ങുന്നു.
2. തെളിനീർ കുടിനീർ ജലം സംരക്ഷിക്കാൻ സ്കൂളിൽ നിന്ന് തുടങ്ങി വീടുവരെ മഴക്കുഴി നിർമ്മാണം . ഒരു വീട്ടിൽ ഒരു മഴക്കുഴി എന്ന കണക്കിൽ ഓരോ കുട്ടിയും മുതിർന്നവരുടെ സഹായത്തോടെ ചെയ്യുന്നു. പി.ടി.എ.യിൽ വിവരങ്ങൾ ചോദിച്ചറിയുന്നു

## പരിസരപഠനം

| പ്രവർത്തനങ്ങൾ | - | മാസം |
|---|---|---|
| പാർക്കിനൊരു തണൽ | - | ജൂൺ |
| ജൈവം- പുണ്യം | - | ജൂൺ |
| ദിനാചരണം ആഘോഷങ്ങൾ | - | ജൂൺ മുതൽ മാർച്ച് വരെ ആഗസ്റ്റ്, ഡിസംബർ |
| നേരറിവ് | - | സെപ്തംബർ |
| ജൈവ വൈവിധ്യ പാർക്ക് | - | ഒക്ടോബർ |
| സി.ഡി.പ്രദർശനം | | |
| ലാബിലേക്കൊരു നോട്ടം | - | നവംബർ |
| സമൂഹത്തെ അറിയാം | - | ഡിസംബർ |
| ഫീൽഡ്ട്രിപ്പ് | - | ഒക്ടോബർ, നവംബർ, ജനുവരി |
| സ്കൂളിലൊരു പ്രകൃതിനടത്തം | - | ഫെബ്രുവരി |
| നിറകുട്ടം | | |
| കൃഷിത്തോട്ടം - സ്കൂളിൽ | - | മാർച്ച് |

## വിഷയം :ഇംഗ്ലീഷ്

### ആമുഖം

ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ കൈകാര്യം ചെയ്യുന്ന ഒരുഭാഷയാണ് ഇംഗ്ലീഷ്. ദേശീയ അന്തർ ദേശീയ രംഗത്ത് നമ്മുടെ കുട്ടികൾക്ക് മികച്ച പ്രകടന ങ്ങൾ കാഴ്ച വെക്കണമെങ്കിൽ അവർ ഇംഗ്ലീഷ് ഭാഷയോട് ചേർന്ന് നിന്നേ മതി യാവൂ. ഈ തിരിച്ചറിവാകാം പ്രൈമറി തലം മുതൽ Hello English പോലുള്ള പദ്ധ തികൾ ആവിഷ്കരിക്കാൻ സർക്കാറിനെ പ്രേരിപ്പിച്ചതും. ഈ പദ്ധതികൾ ഇംഗ്ലീഷ് ഭാഷയോട് കുട്ടകൾക്ക് താൽപര്യം ഉളവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കുട്ടിക ളുടെ അഭിരുചികൾ ക്കിണങ്ങുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഉൾക്കൊള ളുന്ന ഒരു പ്രവർത്തന പാക്കേജ് ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

മലയാളത്തിലേതുപോലെ കുട്ടികൾക്ക് ഇംഗ്ലീഷിലും സംസാരിക്കുവാനും , എഴുതുവാനും വായിക്കാനുമുള്ള ഒരു കഴിവ് വളർത്തിയെടുക്കുക എന്ന ലക്ഷ്യ ത്തോടെ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ അടുത്ത അധ്യായന വർഷം മുതൽ ഉദ്ദേശിക്കുന്നു.

### <u>അവസ്ഥാ വിശകലനം</u>

ഒന്ന്, രണ്ട്, ക്ലാസുകളിലെ 76 കുട്ടികളിൽ 36 പേർ എ ഗ്രേഡിലും , 30 പേർ ബിഗ്രേഡിലും ബാക്കി 10 പേർ സി.ഡി. ഗ്രേഡിലുള്ളവരുമാണ്. മൂന്ന്, നല് ക്ലാസു കളിലെ 84 കുട്ടികളിൽ 40 പേർ എ ഗ്രേഡിലുള്ളവരും 30 പേർ ബി ഗ്രേഡിലുള്ള വരും 14 പേർ സി. ഡി ഗ്രേഡിലുള്ളവരുമാണ്.

ലക്ഷ്യം

കുട്ടികളിൽ സാമൂഹിക പ്രതിബദ്ധതയും സഹഭാവവും വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുക.

| പ്രവർത്തനം | ചുമതല |
|---|---|
| സമൂഹത്തെ അറിയാം<br>പൊതു സ്ഥാപനങ്ങൾ സന്ദർശിക്കുക (ആശുപത്രി , പോസ്റ്റോഫീസ്, കൃഷിഭവൻ, മൃഗാശുപത്രി) പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾ അന്വേഷിക്കൽ. കാപ്പാട് വൃദ്ധ സദനം സന്ദർശിച്ച് അവരോടൊപ്പമിരുന്ന് മധുരം നുണയൽ<br><br>ആഘോഷങ്ങൾ<br>ഓണം, ക്രിസ്മസ്, ബക്രീദ് ആഘോഷങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ | എല്ലാ ടീച്ചേഴ്സും<br>പി.ടി.എ. |
| | |

## ലക്ഷ്യം

ഓരോ ക്ലാസിലെയും പഠന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന വിധത്തിൽ ജൈവവൈവിധ്യ പാർക്ക് ഉപയോഗപ്പെടുത്തുക

| പ്രവർത്തനം | ചുമതല |
|---|---|
| **പഠാ വിശകലനം**<br>ഔഷധ സസ്യങ്ങളുമായി ബന്ധപ്പെട്ട് സസ്യങ്ങൾ നിരീക്ഷിക്കാനും തിരിച്ചറിയാനുമായി ജൈ വ വൈവിധ്യ പാർക്ക് നിരീക്ഷിക്കുന്നു.<br>ജൈവവൈവിധ്യപാർക്ക്(സി.ഡി.പ്രദർശനം)വിവിധതരം സസ്യങ്ങൾ വളർത്താൻ വേ മാതൃകയായ ഒരു ജൈവ വൈവിധ്യ പാർക്കിന്റെ സി.ഡി.പ്രദർശിപ്പിക്കുന്നു | ഗീത.പി. |
| **ജൈവം- പുണ്യം**<br>നമ്മുടെ ജീവിതത്തിൽ ജൈവ വൈവസ്തുക്കൾക്ക് വലിയ ഒരു പ്രാധാന്യം ഉണ്ട് എന്ന് മനസ്സിലാക്കാനായി ദിവസവും പാർക്കിലെ ചെടികളെയും ജീവികളെകയും കുട്ടികൾ പരിപാലിക്കുന്നു.<br>**പാർക്കിനൊരു തണൽ**<br>കുട്ടികളെ കൊണ്ട് ഒരു ചെടിയെങ്കിലും നട്ടുപിടിപ്പിക്കുന്നു. ഇതിലൂടെ തണലിനുള്ള പ്രാധാന്യം കുട്ടികൾക്ക് തിരിച്ചറിയാൻ കഴിയുന്നു. കൂടാതെ അത് പരിപാലിക്കാനുള്ള അവസരം സൃഷ്ടിക്കുന്നു. | നബീൽ ഹാമിദ് |
| **വീട്ടിലൊരു വൃക്ഷം**<br>ഓരോ കുട്ടികൾക്കും ഓരോ വൃക്ഷതൈ നൽകി.അതിന്റെ വളർച്ചയുടെ വിവിധഘട്ടങ്ങൾ വിലയിരുത്താൻപരിസ്ഥിതി ക്ലബിന്റെ നേതൃത്വത്തിൽ ഗൃഹ സന്ദർശനം നടത്തുന്നു | സിന്ധു, ശ്രീലത |

## പ്രശ്നങ്ങൾ

കുട്ടി. സി.ഡി ഗ്രേഡിലുളളവർക്ക് ഇംഗ്ലീഷ് വക്കുകൾ എഴുതാനും വായിക്കാനും പ്രയാസം നേരിടുന്നു ഇത് കുട്ടിയുടെ താൽപര്യക്കുറവ് , അസുഖം, ഓർമ കുറവ് എന്നീ കാരണങ്ങൾ കൊണ്ടാണ്.

<u>രക്ഷിതാവ്</u> . കുട്ടിയുടെ പഠന കാര്യങ്ങളിൽ ശ്രദ്ധക്കുറവ്, സമയക്കുറവ്

<u>ടീച്ചർ</u> : ഓരോ വിഷയത്തിലും പ്രവർത്തന ബാഹുല്യം മൂലമുള്ള സമയക്കുറവ്. വ്യക്തിഗതമായി ശ്രദ്ധിക്കാൻ കഴിയാത്ത അവസ്ഥ. പഠന സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന്റെ അഭാവം.

<u>സംവിധാനം</u>:പ്രവർത്തനങ്ങളുടെ ആധിക്യം

അനു രൂപീകരണ പ്രവർത്തനത്തിന്റെ അഭാവം.

# അക്കാദമിക മേഖല ഇംഗ്ലീഷ്

ലക്ഷ്യം;

